കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം

18(*48) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ എത്രയിടങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കേന്ദ്രീകൃത ലോക്കപ്പുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഉണ്ട്. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നീ പോലീസ് ജില്ലകളിൽ ഈ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. 'കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്ന പോലീസ് സ്റ്റേഷന്റെ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരിക്കും' കേന്ദ്രീകൃത ലോക്കപ്പ് സംവിധാനത്തിന്റെയും ചുമതലയുള്ള ഓഫീസർ. ടി ഓഫീസറുടെ സഹായിയായി ഒരു കസ്റ്റഡി ഓഫീസറെയും നിയമിച്ചിട്ടുണ്ട്. കസ്റ്റഡി ഓഫീസർ ഒരു റിസർവ്വ് സബ് ഇൻസ്പെക്ടർ ആയിരിക്കും. കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടത് ടി ഓഫീസറാണ്. ടി ഓഫീസറുടെ സഹായിയായി റിസർവ്വ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണത്തിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുമായി സ്റ്റേഷൻ ഹൗസ് ഓഫീസർ/കസ്റ്റഡി ഓഫീസർക്ക് അത്യാവശ്യ ഫണ്ട് നൽകാൻ പോലീസ് സൂപ്രണ്ടുമാർക്കും/ പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കസ്റ്റഡിയിലുള്ള വ്യക്തികളുടെ പേരും മേൽവിലാസവും പോലീസ് സ്റ്റേഷനിലെ നോട്ടീസ് ബോർഡിലും ജില്ലാ പോലീസ് കൺട്രോൾ റൂമിലും പ്രദർശിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly